കേരള സർക്കാർ

.

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ഇകെഎം.(പി4)148 /2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഇ-മെയിൽ : lfadekm@gmail.com
0484 2422271
തീയതി – 12/03/2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് ,
മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

.

സർ,

വിഷയം:- മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം. കെ.എസ്.എ.-ഇ.കെ.എം.(പി.4) 148/2019

തീയതി: 12.03.2019

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്തിന്റെ
2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.7.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 4.1.2019 മുതൽ 19.1.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.ജിനിൽ റോയി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജീവ്.എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശ്രീജിത്ത്.സി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി അനിമോൾ ബേബി | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ ഷാഗിൻ കണ്ടത്തിൽ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ബിബി സെബി | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ സ്റ്റീഫൻ മാടവന | 1.4.2017 | 31.3.2018 |
| ധനകാര്യം | ശ്രീ ഷാഗിൻ കണ്ടത്തിൽ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം& ആരോഗ്യകാര്യം | ശ്രീമതി ജാൻസി പൗലോസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ മനോജ് കെ.വി. | 1.4.2017 | 21.06.2017 |
| | ശ്രീ അബ്ദുൾ ജലീൽ | 22.06.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ അനിത വി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചുള്ളി | ഡോ.ഷൈമ സലിം | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ബിന്ദു തോമസ് | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി നിഷ എം | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മലയാറ്റൂർ) | ശ്രീ ഷിനോ തോമസ് | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കടപ്പാറ) | ശ്രീമതി ലിസ്സി കെ.പി | 1.4.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ.രെജിത.കെ.പി. | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ തോമസ്.ഒ.എ. | 1.4.2017 | 31.5.2017 |
| | ശ്രീ കെ.ബി.കൃഷ്ണരാജ് | 01.06.2017 | 30.6.2017 |
| | ശ്രീ വിനയകുമാർ (ചാർജ്ജ്) | 1.7.2017 | 31.08.2017 |
| | ശ്രീമതി ആർ.ശ്രീജ | 01.9.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ.കെ. | 1.4.2017 | 31.3.2018 |
| എച്ച്. എം. , GLPS | ശ്രീ മനോജ് കെ.വി. | 1.4.2017 | 31.3.2018 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.പഞ്ചായത്തിന് വൻ വരുമാന നഷ്ടം | 2-1 |
| | ഭാഗം- 3 | |
| 14 | സർക്കാർ വിഭാവനം ചെയ്യുന്ന ധനസഹായം പൂർണ്ണമായ തോതിൽ നൽകുന്നില്ല. | 3-1 |
| 15 | രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 16 | ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 3-3 |
| 17 | പമ്പ് സെറ്റ് വിതരണം അപാകത | 3-4 |
| 18 | സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിലെ അപാകതകൾ | 3-5 |
| 19 | വെള്ളക്കര കുടിശ്ശിക 1378498/- വാട്ടർ അതോറിറ്റിക്ക് ബാദ്ധ്യത | 3-6 |
| 20 | ശ്മശാനത്തിന്റെ നവീകരണത്തിനായി ലഭിച്ച തുക ഉപയോഗിക്കാതെ തിരിച്ചടച്ചു | 3-7 |
| 21 | ഇടതുകര കനാൽ റോഡ് റീടാറിംഗ്(പാർട്ട് ബിൽ)-അപാകത | 3-8 |
| 22 | കമ്പനിപ്പടി ശാന്തിപുരം ഈറ്റക്കടവ് റോഡ് റീട്ടാറിംഗ്, ഡ്രെയിനേജ്& കനാൽ ബണ്ട് റോഡ് റീടാറിംഗ്-അപാകത | 3-9 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27/3/2017 തീയതിയിലെ നം.1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17/3/2018തീയതിയിലെ നം. 2(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 14/05/2018 | 22/06/2018 | 05.07.2018 |

.

## 1-3 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.06.18 മുതൽ 22.06.18 വരെ | കെ.എസ്.എ - ഇ.കെ.എം . (പി.ജി)1786(42)/18 തീ -29.08.2018 |

.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,35,25,855 |
| വരവ് | 5,85,84,545 |

| | |
|---|---|
| ആകെ | 7,21,10,400 |
| ചെലവ് | 6,01,79,061 |
| നീക്കിയിരിപ്പ് | 1,19,31,339 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,35,16,600 | 1,35,16,600 | 1,11,12,606 | 0 | 24,03,994 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 45,90,316 | 45,90,316 | 38,53,536 | 0 | 7,36,780 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 2,22,909 | 2,22,909 | 0 | 0 | 2,22,909 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 80,01,436 | 80,01,436 | 62,32,965 | 0 | 17,68,471 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 43,62,383 | 43,62,383 | 35,91,810 | 0 | 7,70,573 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 64,21,360 | 64,21,360 | 64,21,360 | 0 | 0 |
| കെ. എൽ. ജി. എസ്.ഡി. പി | 0 | 44,31,315 | 44,31,315 | 26,19,786 | 0 | 18,11,529 |
| എം.എൻ ആർ.ഇ. ജി.എസ്. | 11,187 | 9,37,822 | 9,49,009 | 9,43,962 | 5,047 | 0 |
| എസ്.ബി.ടി,ഇ പെയ്മെന്റ് | 2,920 | 5,79,968 | 5,82,888 | 5,53,567 | 29,321 | 0 |
| ഇ.ഡി.സി.ബി | 10,82,009 | 4,52,165 | 15,34,174 | 5,59,401 | 9,74,773 | 0 |
| മലയാറ്റൂർ -നീലീശ്വരം സർവ്വീസ് സഹകരണ ബാങ്ക് | 62,49,811 | 1,07,31,638 | 1,69,81,449 | 87,93,835 | 81,87,614 | 0 |
| എസ്.ബി.ടി,മണൽ | 95,763 | 3,207 | 98,970 | 230 | 98,740 | 0 |
| ദുരിതാശ്വാസ നിധി | 3,198 | 144 | 3,342 | 0 | 3,342 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 17,65,698 | 17,65,698 | 5,83,548 | 11,82,150 | 0 |
| ടി.എസ്.ബി | 60,06,269 | 91,51,000 | 1,51,57,269 | 1,39,08,068 | 12,49,201 | |
| ബി. ഫണ്ട് | 0 | 4,59,96,640 | 4,59,96,640 | 4,59,96,640 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 5,56,73,096 | 123 | 3,51,32,196 | 24 | 35 | 62.65% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,187 | 9,37,822 | 9,49,009 | 9,43,962 | 5,047 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,73,84,000 | 1,73,84,000 | 1,73,84,000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16,440 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 73,51,100 | 643 |
| വിധവാപെൻഷൻ | 1,15,17,300 | 981 |
| വാർദ്ധക്യകാലപെൻഷൻ | 2,26,61,800 | 1,930 |
| വികലാംഗപെൻഷൻ | 33,86,800 | 283 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതപെൻഷൻ | 8,23,200 | 94 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/01/2019 3 pm ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1775/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ആസൂത്രണ സമിതിയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശ പ്രകാരമുള്ള രീതിയിലല്ല നടന്നത്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കാണുന്നില്ല.ആസൂത്രണ സമിതിയുടെ പ്രത്യേക മിനിട്സ് പോലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസൂത്രണ സമിതി അംഗങ്ങളുടെ ഫോറം 1ലുള്ള ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2. സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവ്വഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാദ്ധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസനസെമിനാർ എന്നിവയ്ക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഇവയൊന്നും നിർവ്വഹിച്ചില്ലെന്ന് മാത്രമല്ല ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരെറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു.വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

3. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിട്സുകൾ പൂർണ്ണമായി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. മുൻ വർഷത്തെ സമാന പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ ചർച്ച ചെയ്യാതിരുന്നത് മറ്റൊരു പോരായ്മയാണെന്ന് ചൂണ്ടിക്കാട്ടുന്നു.

ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്കിലേക്ക് തുക നൽകുന്ന സാഹചര്യങ്ങളിൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് ഉറപ്പിക്കാനാകുന്നില്ല. ആയതിനായി എല്ലാ ഗുണഭോക്താക്കളുടെയും ഫോട്ടോ പതിപ്പിച്ച ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ഗുണഭോക്താക്കളുടെ പേരും അക്കൗണ്ട് നമ്പരും എഴുതിയ ട്രഷറി/ബാങ്ക് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ആയത് ലഭ്യമല്ലെങ്കിൽ ഗുണഭോക്താവിന്റെ പാസ്ബുക്കിന്റെ തുക ലഭ്യമായത് രേഖപ്പെടുത്തിയ പേജിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് എന്നിവ ബന്ധപ്പെട്ട പ്രൊജക്ടിന്റെ ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സാംഖ്യ, സേവന, സൂചിക,

സ്ഥാപന, സചിത്ര എന്നിവ ലോക്കൽ സർവറുകളിൽ നിന്ന് ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയറുകളാണ്. ആയതിന്റെ ഡാറ്റാ ബാക്ക് അപ് കൃത്യമായി ചെയ്യേണ്ടതാവശ്യമാണ്. നിലവിൽ പഞ്ചായത്ത് എല്ലാ സോഫ്റ്റ് വെയറുകളുടെയും ഇൻക്രിമെന്റൽ രീതിയിലുള്ള ബാക്ക് അപ് ചെയ്യുന്നതായും ആയത് എക്സ്റ്റേണൽ മെമ്മറിയിൽ പ്രതിമാസം സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. ആയത് പ്രതിദിനം ബാക്ക് അപ് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്.എക്സ്റ്റേണൽ മെമ്മറി സെക്രട്ടറിയുടെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.ബാക്ക് അപ് പ്രോസസ്സിന്റെ കൃത്യമായ രേഖകൾ തയ്യാറാക്കി (documentation) സൂക്ഷിക്കുന്നത് പ്രവർത്തനങ്ങളിലെ സുതാര്യത വർദ്ധിപ്പിക്കുന്നതിനും ഐ.എസ്.ഒ. പ്രവർത്തനങ്ങൾക്കും സഹായിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

3. ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ് വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല. ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വം അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും മൂന്ന് മാസത്തെ ഇടവേളകളിൽ പാസ് വേർഡ് മാറ്റേണ്ടതുമാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ് വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും.

4. പഞ്ചായത്തിലെ ഡിമാൻഡുകൾ വ്യത്യാസം വരുത്താനും ഹെഡ് തിരുത്താനുമുള്ള ജേർണൽ എൻട്രികൾ സെക്രട്ടറിയുടെ അനുമതിയോടെ പ്രൊസീഡിംഗ്സ് പ്രകാരം ചെയ്യുന്നത് അഭികാമ്യമായിരിക്കും. പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതിന്റെ കാരണങ്ങൾ ഫയലിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

5. മാനുവൽ രസീത് ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ രസീത് പിരിവ് ആഭ്യന്തരമായി പരിശോധിക്കുന്നില്ലയെന്നത് ഗൗരവമേറിയ അപാകതയാണ്. ഇതൊരപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.രസീത് ബുക്ക് സെക്രട്ടറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന് ശേഷം മാത്രം പണം കൗണ്ടറിൽ ഒടുക്കാവുന്നതുമയ രീതി അവലംബിക്കാവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/12/2018 | 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19/05/2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

29.08.2018ലെ കെ.എസ്.എ.ഇ.കെ.എം (പിജി)1786/(42)/2018 പ്രകാരം 2017-18 ലെ വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.
വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച വിവരം ഈ റിപ്പോർട്ടിലെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല. പഞ്ചായത്തിന് വൻ വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ലഭ്യമാകുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമാകുന്നു.ഈ ഇനത്തിൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് കാണുന്ന ഒട്ടനവധി സ്ഥാപനങ്ങൾ പരിശോധനയിൽ കണ്ടെത്തിയിരുന്നു. 5 ജീവനക്കാരിലധികം പേർ ജോലി ചെയ്യുന്ന ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം. |
|---|---|---|---|
| 1 | ബീ വീ ജേ അസോസിയേറ്റ്സ് | vi-46b | 5 |
| 2 | ഫെൽവിൻ ഫ്രാൻസിസ്, ഫ്രാൻസ്കോ അഗ്രോവുഡ്സ് | Iii-37,38,39 | 9 |
| 3 | ദീപക് ജോർജ്ജ്, റിയൽ പ്ളാസ്റ്റ് | vi-46c | 5 |
| 4 | മനോജ് ആന്റണി, സൂര്യ റോക്ക് പ്രൊഡക്ട്സ് | Viii-116,117,118 | 11 |
| 5 | റോബിൻസ് ജോസഫ്, വിജയ ക്വാറി വർക്സ് | vi-ലഭ്യമല്ല | 14 |
| 6 | ഫാത്തിമ ഗ്രാനൈറ്റ്സ് | vi-ലഭ്യമല്ല | 7 |
| 7 | പോൾ വിൻസൺ, പെരിയാർ റോക്സ് | ii-ലഭ്യമല്ല | 14 |
| 8 | ജോമോൻ ജോസഫ്, വിജയ സ്റ്റോൺ അഗ്രിഗേറ്റ്സ് | ii-547c | 8 |
| 9 | ജോമോൻ ജോസഫ്, ഗ്രീൻഫീൽഡ് ഫ്ളോറിംഗ് ഇൻഡ്യ പ്രൈ.ലി | ii-547d | 6 |
| 10 | ബിസിമോൻ.കെ.സി, അനുഗ്രഹ മെറ്റൽസ് ആൻഡ് സാൻഡ് പ്രൈ.ലി | vii-ലഭ്യമല്ല | 6 |
| 11 | പി.ഒ.ദേവസ്സി, തോംസൺ മെറ്റൽസ് | vii | 12 |
| 12 | സരള സുബ്രഹ്മണ്യൻ, ലക്ഷ്മി ഇൻഡസ്ട്രീസ് | vi-42b | 6 |
| 13 | എസ്,സുര, ശിശിര ഓട്ടോമോബൈൽസ് | Xvi-365,364 | 12 |
| 14 | കെ.എസ്.അബ്ദുൾ കരീം, കെ.എസ്.ഗ്രാനൈറ്റ്സ് | ii-502 | 7 |
| 15 | മദർ സുപ്പീരിയർ, റാണി മരിയ സോഷ്യൽ സെന്റർ | xiii-38(2a) | 6 |

| | | | |
|---|---|---|---|
| 16 | കെ.എൻ.സലിം കുമാർ, വീനസ് എഞ്ചിനീയറിംഗ് വർക്സ് | xvi-181 | 9 |
| 17 | ബേബി പാപ്പച്ചൻ, ലിസ് കറി പൗഡർ | viii-184c | 5 |
| 18 | സോജി.പി.പി, നാഷണൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | xiv-25 | 5 |
| 19 | പെറ്റ്സൺ, റിയൽ ഇമേജ് മോഡ്യൂലാർ ഫർണ്ണീച്ചർ | iv-198a | 7 |
| 20 | വിൻസി ജിനോ ജോസഫ്, ജിനോസ് പെട്രോളിയം | 10-148 | 6 |
| 21 | മെറീന പോൾസൺ, മാതാ ടിമ്പർ പ്രൊഡക്ട്സ് | xi-223 | 9 |
| 22 | ബ്രീജാ ഷാജി, ക്വാളിറ്റി റബ്ബർ പ്രൊഡക്ട്സ് | vii-235 | 5 |
| 23 | ബെന്നി സി.ജി, സി.ജി ഇലക്ട്രോണിക്സ് ടൂൾ റൂം | xiii-44 | 5 |
| 24 | രതീഷ് എബ്രഹാം, പി.എ.ഗ്രൂപ്പ് | xi-455 | 5 |
| 25 | എ.വി.രവീന്ദ്രൻ, എ.വി.ആർ ഇമിറ്റേഷൻ | xiii-3 | 9 |
| 26 | പി.കെ.പ്രകാശ്, പറക്കാട്ട് കല്യാണി ജൂവൽസ് | xiii-482a | 9 |
| 27 | പി.കെ.ബിനുകുമാർ, പി.പി ഇമിറ്റേഷൻ | xii-482b,d | 21 |
| 28 | പി.കെ.പ്രകാശ്, പറക്കാട്ട് ജൂവൽസ് ട്രേഡിംഗ് | xii-482 | 9 |
| 29 | ഷാനവാസ്.എ.എം. ഫാസിയ ബ്രോക്കൺ ഗ്ലാസ്സ് | iv-18 | 5 |
| 30 | ബിജു,ജോർജ്ജ്,പി,വി,ജോർജ്ജ് | ix-424e,f | 6 |

ഒരു അർദ്ധവർഷത്തിൽ 60 ദിവസം ജോലി ചെയ്യുന്നവരായ, അർദ്ധവാർഷിക വരുമാനം 12,000 രൂപയിൽ ( പ്രതിമാസം 2,000 രൂപയിൽ) കൂടുതലുള്ള എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക പഞ്ചായത്തിന്റെ ബാദ്ധ്യതയാണ്. സർക്കാരിന്റെ മിനിമം ശമ്പളനിയമത്തിൽ കുറഞ്ഞ വേതനം നൽകാൻ ഒരു സ്ഥാപനത്തിനും സാദ്ധ്യമല്ല. സ.ഉ.(അച്ചടി)196/16/തൊഴിൽ തീ. 21.12.2016 നം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ കൂലി ചുവടെ ചേർക്കും പ്രകാരമാണ്.

ക്ളാർക്ക്, സെയിൽസ് മാൻ/വുമൺ, സ്കിൽഡ് വർക്കർ – 8,910/പ്രതിമാസം

അറ്റൻഡർ, പ്യൂൺ, വാച്ച്മാൻ – 8,490/പ്രതിമാസം

ക്ലീനർ, സ്വീപ്പർ – 8,280/പ്രതിമാസം

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏതാണ്ട് എല്ലാ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ മേൽ സ്ഥാപനങ്ങളടക്കം എല്ലാ സ്ഥാപനങ്ങൾക്കും ജോലിചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ

നികുതി ഡിമാൻഡ് ചെയ്ത് കൊണ്ട് നോട്ടീസ് നൽകി നികുതി പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ വിഭാവനം ചെയ്യുന്ന ധനസഹായം പൂർണ്ണമായ തോതിൽ നൽകുന്നില്ല.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രൊജക്ട് നം : എസ് 50/18

ചെലവ് :3,00,000/-രൂപ (വികസന ഫണ്ട് )
1,00,000/-രൂപ (ജില്ലാ പഞ്ചായത്ത്)
70,000/-രൂപ (ബ്ളോക്ക് പഞ്ചായത്ത്)

ഓഡിറ്റ് വർഷം 12ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളും 30 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളും അടക്കം 42 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും പ്രതിമാസ യാത്രാബത്ത 1000 രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500 രൂപ, 2000രൂപയും ഉല്ലാസ യാത്ര/പഠന പര്യടന ചെലവുകൾക്കുള്ള വാർഷിക ബത്തയായ1,000 രൂപ എന്നിവയടക്കം 28,500 രൂപയാണ് ഒരു മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്.ശാരീരിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് പ്രതിമാസം 600 ( ശരാശരി ) രൂപ നിരക്കിൽ 7,200 രൂപ ലഭിക്കേണ്ടതാണ്.
മേൽ നിരക്ക് പ്രകാരം ഓഡിറ്റ് വർഷം നൽകേണ്ടിയിരുന്ന യഥാർത്ഥനിരക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകേണ്ട തുക | 843000 | 29*28500+1*16500 |
| ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകേണ്ട തുക | 119500 | 3*8000+63*6600+ 3*13500+1*19500+ 1*10400+1*5300 |
| ആകെ നൽകേണ്ടത് – 9,62,500 രൂപ. | | |

എന്നാൽ 4,70,000 രൂപ മാത്രമാണ് ഓഡിറ്റ് വർഷം നൽകിയത്.

ലഭിക്കേണ്ടിയിരുന്നതിന്റെ 50 ശതമാനത്തിൽ താഴെ മാത്രമാണ് ലഭിച്ചത്. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. കൂടാതെ ഒരു വർഷം ഈ ഇനത്തിൽ എത്ര രൂപ യഥാർത്ഥത്തിൽ ചെലവ് വരുമെന്ന് ഔദ്യോഗികമായി ഏതെങ്കിലും യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ അവതരിപ്പിച്ചതായും കാണുന്നില്ല. സർക്കാർ വിഭാവനം ചെയ്യുന്ന സഹായധനം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. വരും വർഷങ്ങളിൽ കുട്ടികൾക്ക് നൽകേണ്ട യഥാർത്ഥ തുക കൃത്യമായി കണക്കാക്കി ആയതിനാവശ്യമായ തുക വകയിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| പ്രോജക്ട് നം. | 66/18 |
| നിർവ്വഹണം. | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 700000/- രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനായി എക്സി.എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 700000/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്). (ബിൽ നമ്പർ 47 തീയതി 21/03/2018)

പരാമർശങ്ങൾ.

1. ഏതെല്ലാം വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ നടത്തി എന്ന് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

2. പ്രോജക്ട് പൂർത്തീകരണം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ജല അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല.

3. മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയില്ല.

മേൽ പരാമർശങ്ങൾ ചൂണ്ടി കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ഈ കാരണത്താൽ 700000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കലും ട്യൂബ് സെറ്റ് സ്ഥാപിക്കലും |
| പ്രോജക്ട് നം. | 12/2018 |
| നിർവ്വഹണം. | സെക്രട്ടറി |
| അടങ്കൽ. | 1915514/- രൂപ.( ലോകബാങ്ക് സഹായം) |
| ചെലവ് വിവരം | 1356555/- ബിൽ നം. 06 തീയതി.30/06 /2017. |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കലും ട്യൂബ് സെറ്റ് സ്ഥാപിക്കലും എന്ന പ്രോജക്ടിനു വേണ്ടി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അങ്കമാലി ഇലക്ട്രിക് ഡിവിഷൻ, കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് പ്രകാരം 13,56,555/- രൂപ വൈദ്യുത ബോർഡിന് നൽകിയിട്ടുണ്ട്. ചെലവ് രേഖ പ്രകാരം 15,77,235/- *രൂപ 2017-2018 ൽ ചെലവു ചെയ്തതായി കാണുന്നു.*

ഓഡിറ്റ് പരാമർശങ്ങൾ

1. ചെലവ് രേഖകൾ പ്രകാരം 1577235 രൂപ ചെലവഴിച്ചതായി കാണുന്നുണ്ടെങ്കിലും *220680/-* രൂപയുടെ ചെലവു രേഖകൾ ഫയലിൽ ലഭ്യമല്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. M/S എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ഒരു ടെണ്ടർ ഫയലിൽ ലഭ്യമായെങ്കിലും ട്യൂബ് സെറ്റ് ഏത് സ്ഥാപനത്തിൽ നിന്നും വാങ്ങിയെന്നോ എത്ര എണ്ണം

വാങ്ങിയെന്നോ അറിയുവാൻ സാധിക്കുന്നില്ല.

3. ട്യൂബ് സെറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചില്ല.

4. കെ.എസ്. ഇ. ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

5. പ്രോജക്ടിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

ഈ കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചില്ല. ഈ കാരണങ്ങളാൽ 1577235/- *രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.* (1356555+220680 = 1577235)

## 3-3 ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ

മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ, പരിശോധനയിൽ വ്യക്തമായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി ഗ്രാമസഭകൾക്ക് മുന്നോടിയായി വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്നതിലേക്കാണ് ക്വോറം തികയാൻ മാത്രമുള്ള ജനപങ്കാളിത്തം സൂചിപ്പിക്കുന്നത്. പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം ജനങ്ങൾക്ക് നൽകാൻ സാധിച്ചില്ല എന്ന് പരിശോധനയിൽ വ്യക്തമായി. ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട കരട് പദ്ധതിയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഓരോ പദ്ധതിയുടെയും അർഹത മാനദണ്ഡം സംബന്ധിച്ച് ചർച്ച നടന്നിരുന്നോ എന്ന് വാർഡ് സഭ മിനിട്സുകളിൽ നിന്ന് വ്യക്തമാകുന്നില്ല.ഓരോ പദ്ധതികളുടെയും കൃത്യമായ മാനദണ്ഡം തയ്യാറാക്കി ഗുണഭോക്താക്കളുടെ എണ്ണവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുന്ന നോട്ടീസ് വാർഡ്സഭയിൽ വിതരണം ചെയ്യേണ്ടതാണ്. വാർഡുകളിലുള്ള പ്രത്യേക നോട്ടീസ് ബോർഡുകളിൽ മേൽ നോട്ടീസ് പ്രദർശിപ്പിക്കണം എന്ന മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

(2) വാർഡ് തലത്തിലാണ് ഗുണഭോക്തൃലിസ്റ്റുണ്ടാക്കിയിരിക്കുന്നത്. ഓരോ വാർഡിലെയും അപേക്ഷകരുടെ എണ്ണം എത്രയാണെങ്കിലും ഒരു നിശ്ചിത എണ്ണം ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.ചില വാർഡുകളിൽ മറ്റു വാർഡുകളേക്കാൾ അപേക്ഷകരുടെ എണ്ണം കൂടിയിട്ടും ധനസഹായം ലഭിച്ചവരുടെ എണ്ണം കുറവായതായും കാണുന്നുണ്ട്. ഉദാഹരണത്തിന് വി.ഇ.ഒ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രൊജക്ടിൽ വാർഡ്-7 ൽ 18 അപേക്ഷകരും വാർഡ് 12 ൽ 5 അപേക്ഷകരുമാണ് ഉണ്ടായിരുന്നത്. വാർഡ് 7ൽ ഒരു അപേക്ഷകനും വാർഡ് 12ൽ രണ്ട് അപേക്ഷകനുമാണ് ധനസഹായം നൽകിയത്. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച അനുപാതത്തിൽ വിതരണം ചെയ്യുന്നതായിരിക്കും കുറച്ച് കൂടി നല്ലത് എന്ന് അഭിപ്രായപ്പെടുന്നു.

(3) പല പദ്ധതികളിലും ലിസ്റ്റിൽ മുകളിലുള്ള ഗുണഭോക്താക്കൾക്ക് നൽകാതെ താരതമ്യേന താഴെയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതായി കാണുന്നുണ്ട്. ഗുണഭോക്തൃവിഹിതം ഒടുക്കാത്തതിനാലും തങ്ങൾക്ക് ഈ വർഷം ആനുകൂല്യങ്ങൾ ആവശ്യമില്ല

എന്ന ഗുണഭോക്താവ് ആവശ്യപ്പെടുന്നത് കൊണ്ടും അവശ്യമായ രേഖകൾ ലഭ്യമാക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായം. പ്രസ്തുത ഗുണഭോക്താക്കൾക്ക് രേഖകൾ നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയതായോ ഈ വർഷം ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്നുള്ള അവരുടെ സമ്മതപത്രമോ ഫയലിൽ കാണുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റിൽ മുകളിലുള്ള ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. മുൻഗണന പരിഗണിക്കാതെ സഹായം നൽകുന്നത് ഗ്രാമസഭയുടെ അധികാരത്തിനും പ്രാദേശിക ഭരണത്തിന്റെ അന്തസത്തക്കും വിരുദ്ധമാണ്.

(4) വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ മാർക്കുകളുടെ വിശദവിവരം പഞ്ചായത്തിൽ സൂക്ഷിച്ച് വയ്ക്കാൻ നിർദ്ദേശിക്കുന്നു. അടുത്ത വർഷത്തെ ഓഡിറ്റ് പരിശോധന മുതൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ മാർക്കുകൾ ബന്ധപ്പെട്ട ഗ്രാമ സഭ മിനിട്സുകളിലും ചേർക്കാൻ നിർദ്ദേശിക്കുന്നു.

5. ഗ്രാമസഭസഭ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി യോഗത്തിൽ പങ്കെടുത്ത 15 പേരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കുക എന്ന ചുമതല ഗ്രാമസഭ കോർഡിനേറ്ററുടേതാണ്. എന്നാൽ ഒരൊറ്റ വാർഡ്സഭയിൽപ്പോലും ഇത്തരത്തിൽ 15 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല എല്ലാ ഗ്രാമസഭകളുടെയും ഫോട്ടോഗ്രാഫ് ഗ്രാമസഭ മിനിട്സിൽ ഒട്ടിച്ച് വയ്ക്കണം എന്ന 17-18 മാർഗ്ഗരേഖ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഓരോ ഗ്രാമസഭയിൽ നിന്നും വികസന സെമിനാറിലേക്ക് പങ്കെടുക്കുന്ന 5 പേരെ തെരഞ്ഞെടുക്കണം എന്ന നിർദ്ദേശം എല്ലാ ഗ്രാമസഭകളിലും പാലിക്കപ്പെട്ടില്ല എന്നാണ് മിനിട്സിൽ നിന്ന് വ്യക്തമാകുന്നത്.

മേൽ അപാകതകളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആയത് ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതി, അങ്കണവാടി എന്നിവയുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പല ഗ്രാമസഭകളിലും ചർച്ച ചെയ്തത് അഭിനന്ദനാർഹമാണ്. മൂന്നാം വാർഡ് ഗ്രാമസഭയിൽ അവതരിപ്പിച്ച 20, 21, 22 നമ്പറുകളിലെ അങ്കണവാടി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഉന്നത നിലവാരം പുലർത്തിയിട്ടുണ്ട്. പ്രസ്തുത സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ അങ്കണവാടികളിൽ അരിയുടെ സ്റ്റോക്ക് അങ്കണവാടികളിൽ കൂടുതലായത് കാരണം ഒരു ചാക്കിൽ നിന്നും മാസങ്ങളോളം അരി ഉപയോഗിക്കേണ്ടി വരുന്നു എന്ന പരാമർശം ഗൗരവമുള്ളതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-4** <u>പമ്പ് സെറ്റ് വിതരണം - അപാകത</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 121/17-18 |
| പ്രോജക്റ്റിന്റെ പേര് | പമ്പ് സെറ്റ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫിസർ |

| | |
|---|---|
| അടങ്കൽ | 1,00,000 |
| ചെലവ് വിവരം | 92046/-രൂപ (ബിൽ നമ്പർ-04/17-18തീയതി(29.01.18)<br>7799/-രൂപ (ബിൽ നമ്പർ-07/17-18 തീയതി. (28.02.18)<br>99845/- |

2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ പമ്പ് സെറ്റ് വിതരണം എന്ന പദ്ധതിയിൽ 17 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.
2) വിവിധ വാർഡുകളിലെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ 9-ാം വാർഡിൽ ക്രമ നമ്പർ 1, 2 എന്നീ ഗുണഭോക്താക്കളെ പരിഗണിക്കാതെ ക്രമ നമ്പർ 3 ആയി ചേർത്തിരിക്കുന്ന ഗുണഭോക്താവ് ശ്രീ ജോയ്സൺ താനിക്കലിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

3) വാർഡ് 11 ൽ ക്രമ നമ്പർ 4, 5, 6 എന്നിവയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാതെ ക്രമനമ്പർ 7 ൽ ചേർത്ത ശ്രീ. ജെയിംസ് ജോസഫ് എന്ന ഗുണഭോക്താവിന് ആനുകൂല്ല്യം നൽകിയിട്ടുണ്ട്.

4) വാർഡ് 15 ൽ 1 മുതൽ 8 വരെയുള്ള ഗുണഭോക്താക്കളെ പരിഗണിക്കാതെ ക്രമനമ്പർ 9 ആയ റിജോ പൗലോസ് എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
5) ഗുണഭോക്താക്കൾക്ക് മാർക്കിംഗ് സമ്പ്രദായം കൃത്യമായി നടപ്പിലാക്കിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ ഇല്ലാതിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിലെ അപാകതകൾ

1.രജിസ്റ്ററുകളിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ ലഭിച്ചതിന്റെയും ആയത് അനുവദിച്ചോ നിരസിച്ചോ എന്ന വിവരവും മാത്രമാണ് രജിസ്റ്ററിൽ ചേർക്കുന്നത്. അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ ചേർത്തതിന്റെ തിയതിയും ലഭിച്ച പെൻഷൻ നമ്പരും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നുള്ള വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതാണ്. 2017-18 ൽ വിവിധ പെൻഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സോഫ്റ്റ്‌വെയറിൽ ചേർത്ത് വിതരണം നടത്തിയോ എന്നതും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നതും മേൽ വിവരങ്ങൾ ഇല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരങ്ങൾക്കൊപ്പം പെൻഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും ആയതിന്റെ തുടർനടപടികളും രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

2.ഓഡിറ്റ് വർഷം വിവിധ പെൻഷനുകൾ വിവിധ ബാച്ചുകളിലായി വിതരണം ചെയ്തതിൽ ചില ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങൾ കൊണ്ട് പെൻഷൻ ലഭിച്ചില്ല എന്ന് കാണുന്നു.

മരണം, ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുക, അക്കൗണ്ട് നിലവിലില്ല തുടങ്ങി പല കാരണങ്ങൾകൊണ്ടുമാണ് പെൻഷൻ ലഭിക്കാത്തത്. മേൽ കാരണങ്ങൾ കൊണ്ട് തുക നൽകാതിരിക്കുന്ന അക്കൌണ്ടുകളെല്ലാം ഇപ്പോഴും active എന്ന ഗണത്തിലാണ് പെടുന്നത്. ഇപ്പോഴും പെൻഷൻ തുക ലഭ്യമാകുന്നുമുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ലഭിച്ചതായി കാണുന്നില്ല. തുക തിരികെ സർക്കാരിലേക്ക് ഒടുക്കിയതായാണ് കാണുന്നത്. പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പേര് | അക്കൗണ്ട് നം. | പെൻഷൻ ഇനം | ലഭ്യമാകാതിരുന്ന കാലയളവ് | ഇതുവരെ ലഭ്യമാകാതിരുന്ന തുക |
|---|---|---|---|---|---|
| 1 | ലീല പൗലോസ് | 106420100954 | കർഷകതൊഴിലാളി പെൻഷൻ | 2017 ജനവരി മുതൽ 2017 നവമ്പർ വരെ | 9,000 |
| 2 | ജോസ്.പി.റ്റി | 106420200951 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2016 ഒക്ടോബർ മുതൽ 2017 ഓഗസ്റ്റ് വരെ | 7,800 |
| 3 | രുഗ്മിണി രാമചന്ദ്രൻ | 106420600402 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 2016 ഒക്ടോബർ മുതൽ 2018 നവമ്പർ വരെ | 28,000 |

3. തുക നേരിട്ട് വിതരണം ചെയ്യുന്ന രീതിയിലും അപാകതകൾ കാണുന്നുണ്ട്. സഹകരണ ബാങ്ക് അംഗങ്ങളും പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗ് നടക്കുന്നില്ല എന്നതാണ് അപാകതക്ക് പ്രധാന കാരണം. ഓരോ ബാച്ച് പെൻഷൻ വിതരണത്തിന് ശേഷവും മേൽ മീറ്റിംഗ് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

4. പെൻഷൻ അപേക്ഷകൾ കൃത്യസമയത്ത് അന്വേഷണത്തിനായി നൽകുന്നില്ല എന്നും അന്വേഷണ ഉദ്യോഗസ്ഥർ നിശ്ചിത സമയപരിധിക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകുന്നില്ല എന്നും പരിശോധനയിൽ വ്യക്തമാകുന്നു.വാർദ്ധക്യ കാല പെൻഷൻ ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച 228 അപേക്ഷകളിൽ അന്വേഷണത്തിനായി നൽകിയതിൽ 38 എണ്ണം ഇപ്പോഴും അന്വേഷണ റിപ്പോർട്ട് നൽകിയിട്ടില്ല എന്ന് രജിസ്റ്റർ പ്രകാരം വ്യക്തമാകുന്നു.വിധവ പെൻഷൻ,കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയിൽ യഥാക്രമം 25, 7, 8 എന്നീ എണ്ണം അപേക്ഷകളിൽ മാസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണറിപ്പോർട്ട് നൽകിയില്ല എന്ന് കാണുന്നു, മേൽ അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

## 3-6 വെള്ളക്കര കുടിശ്ശിക 1378498/- വാട്ടർ അതോറിറ്റിക്ക് ബാദ്ധ്യത

2017 ഡിസംബർ മാസത്തെ വൗച്ചർ നമ്പർ 21700736/തീ.23.12.2017 പ്രകാരം 158813 രൂപ

വെള്ളക്കരം അടച്ചിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിട്ടിയുടെ ബിൽ നമ്പർ 12/12.12.2017 പ്രകാരം (ഫൈൻ ഇനത്തിൽ 22234/-ഉൾപ്പെടെ) 1378498/-രൂപ കുടിശ്ശിക ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫൈൻ ഇനത്തിലെ 22234/-രൂപ അടച്ചില്ലായെന്ന് വ്യക്തമായി. നിലവിൽ പഞ്ചായത്ത് പരിധിയിൽ 363 ടാപ്പ് ഉപയോഗിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് കേരള വാട്ടർ അതോറിട്ടി വെള്ളക്കരം ഈടാക്കുന്നത് കുടിശ്ശിക സംബന്ധിച്ച് വാട്ടർഅതോറിറ്റിയുമായി നാളിതുവരെ ചർച്ച ചെയ്തതായി കാണുന്നില്ല. മേൽ കുടിശ്ശിക തുക ബാദ്ധ്യതയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല.കേരള വാട്ടർ അതോറിട്ടിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം കണക്കാക്കേണ്ടത്. വാട്ടർ അതോറിറ്റിയുമായി ഈ വിഷയം ചർച്ച ചെയ്യുകയും കുടിശ്ശിക ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-7 ശ്മശാനത്തിന്റെ നവീകരണത്തിനായി ലഭിച്ച തുക ഉപയോഗിക്കാതെ തിരിച്ചടച്ചു

മലയാറ്റൂർ-നീലിശ്വരം ഗ്രാമപഞ്ചായത്തിലെ നടുകോളനി ശ്മശാനത്തിന്റെ നവീകരണത്തിനായി 24.09.2014 ൽ 10 ലക്ഷം രൂപ ഡി.ഡി. നമ്പർ 619871 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ നാളിതുവരെ യാതൊരു നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കാത്തതിനാൽ പട്ടിക ജാതി വികസന ഓഫീസറുടെ 15.11.2017 ലെ പി5291/12 കത്ത് പ്രകാരം മേൽ തുക തിരിച്ച് അടയ്ക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 13.06.2017ലെ പഞ്ചായത്ത് കമ്മറ്റിയുടെ 19(1) തീരുമാന പ്രകാരം തുക തിരിച്ച് അടയ്ക്കുന്നതിന് തീരുമാനിച്ചു. വൗച്ചർ നമ്പർ 21700784/തീ.20.12.2017 പ്രകാരം 1000000/- രൂപ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടച്ചു. പട്ടികജാതി വികസനത്തിന് ലഭിക്കുന്ന ഫണ്ട് ഉപയോഗിക്കാതെ തിരിച്ചടയ്ക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു.

## 3-8 ഇടതുകര കനാൽ റോഡ് റീടാറിംഗ്(പാർട്ട് ബിൽ)-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 165/17-18 |
| പ്രോജക്ടിന്റെ പേര് | ഇടതുകര കനാൽ റോഡ് റീടാറിംഗ്(പാർട്ട് ബിൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എഗ്രിമെന്റ് നമ്പർ/തീയതി | 25/എ.ഇ/എം.എൻ/17-18<br>തീയതി 19.12.17 |
| അടങ്കൽ | 532080 |
| കരാറുകാരൻ | ശ്രീ.എസ്.ഐ.തോമസ്.(ഐറ്റം റേറ്റ്) |
| ചെലവ് വിവരം | 376225/- രൂപ (ബിൽ നമ്പർ-40/17-18 തീയതി(16.03.18)<br>134259 (ബിൽ നമ്പർ-16/18-19 തീയതി(31.12.18) |

മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ ഇടതുകര കനാൽ റോഡ് 690 മീറ്റർ നീളത്തിലും വീതി 3 മീറ്റർ വീതിയിലും എന്ന അളവിൽ റീടാറിംഗ് നടത്തുന്നതിനുള്ള കരാർ ടെൻഡർ മുഖേന ശ്രീ.എസ്.ഐ.തോമസ്. എന്ന കരാറുകാരന് ലഭിച്ചു. എന്നാൽ 17.03.2018 ലെ 16/1ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 564.6മീറ്റർ 2.80 മീറ്റർ വീതിയിൽ പണിയുന്നതിന് തീരുമാനിക്കുകയും അതിൽ തന്നെ 44 മീറ്റർ കോൺക്രീറ്റ് ചെയ്യുവാനും തീരുമാനിച്ചു.എസ്റ്റിമേറ്റ് റീവൈസ് ചെയ്യുകയും എക്സ്ട്രാ ഇനം പ്രവൃത്തി കൂടി ചെയ്യുന്നതിനും തീരുമാനിച്ചു. E-2 ആയി ചെയ്ത ഐറ്റം 80 എം എം കോൺക്രീറ്റിംഗ് കട്ട വിരിക്കുന്ന പ്രവൃത്തിയാണ്.ഇതിന് 1എം$^2$ ന് 916.51രൂപ കണക്കാക്കി അനുവദിച്ചിരുന്നു. എന്നാൽ മാലി റോഡ് റീടാറിംഗ് പ്രവൃത്തിയിൽ ഇതേ പ്രവൃത്തി തന്നെ എക്സ്ട്രാ ഇനം 2 ആയി 80 എംഎം കോൺക്രീറ്റിംഗ് കട്ട വിരിക്കുന്ന പ്രവൃത്തി നടത്തിയിരുന്നു.ഇതിന് 781.26 രൂപയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദിച്ചത്. 2017-18 വർഷത്തിൽ രണ്ട് പദ്ധതിക്ക് എക്സ്ട്രാ ഐറ്റം ആയി ഒരേ ഇനം പ്രവൃത്തി ചെയ്തതിന് വ്യത്യസ്ത നിരക്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.ഇപ്രകാരം വ്യത്യസ്ത നിരക്ക് അനുവദിച്ചതിനാൽ മേൽ പ്രവൃത്തിക്ക് താഴെ പ്പറയുന്ന രീതിയിൽ നഷ്ടം വന്നിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | എസ്റ്റിമേറ്റ് നിരക്ക് | മാലി റോഡ് റീടാറിംഗ് പ്രവൃത്തിയിലെ എസ്റ്റിമേറ്റ് നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| Od152800/2017-18 providing and laying 80mm factory made cement concrete interlocking paver block -30grade | 108.405 | 916.51 | 781.26 | 108.405x135.25 =14661.78 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇടതുകര കനാൽ റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ 80mm ടൈലിംഗ് നൽകിയിട്ടുള്ളത് 75mm കനത്തിൽ 6mm മെറ്റൽ വിരിച്ച് അതിന് മുകളിൽ ടൈൽ ഇടുന്ന നിരക്കാണ്. എന്നാൽ മാലി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ റോഡിന്റെ സൈഡിൽ കട്ട വിരിക്കുന്ന പ്രവൃത്തി ആയതിനാൽ 50mm കനത്തിൽ 6mm മെറ്റൽ വിരിച്ച് അതിന് മുകളിൽ 80mm കട്ട വിരിക്കുന്ന നിരക്കിലാണെന്നും അസി. എഞ്ചിനിയറുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ചെയ്യുന്ന പ്രവൃത്തിയിൽ നിന്നും മാറ്റം വരുത്തുമ്പോൾ ആയത് പുതിയ പ്രോജക്ട് ആയി ചെയ്യുകയാണെങ്കിൽ മറ്റു കരാറുകാരെ കൂടി ഉൾപ്പെടുത്തി പ്രവൃത്തിയുടെ പൂർത്തീകരണം സുതാര്യമാക്കാവുന്നതാണ്. പഞ്ചായത്ത് റോഡുകളിൽ 50mm കനത്തിൽ 6mm മെറ്റൽ വിരിച്ച് അതിന് മുകളിൽ 80mm കട്ട വിരിക്കുന്നതിൽ അപാകതയില്ല. ആയതിനാൽ മേൽ പ്രവൃത്തിയിൽ പഞ്ചായത്തിന് അധികച്ചെലവ് വന്നതായി കണക്കാക്കാവുന്നതാണ്. ഭാവിയിൽ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കമ്പനിപ്പടി ശാന്തിപുരം ഈറ്റക്കടവ് റോഡ് റീടാറിംഗ്, ഡ്രെയിനേജ് &കനാൽ ബണ്ട് റോഡ് റീടാറിംഗ് - അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് ഒ180/17-18 |
| പ്രോജക്റ്റിന്റെ പേര് | കമ്പനിപ്പടി ശാന്തിപുരം ഈറ്റക്കടവ് റോഡ് റീടാറിംഗ്, ഡ്രെയിനേജ്&കനാൽ ബണ്ട് റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എഗ്രിമെന്റ് നമ്പർ/തീയതി<br>അളവ് പുസ്തകം | 33/എ.ഇ/എം.എൻ/17-18 തീയതി 05.12.17<br>716/17-18 |
| അടങ്കൽ | 700000 |
| കരാറുകാരൻ | ശ്രീ.കെ.എ.ജോയി (ഐറ്റം റേറ്റ്) |
| ചെലവ് വിവരം | 140086/- രൂപ (ബിൽ നമ്പർ-57/17-18 തീയതി-27.03.18)<br>377379/-രൂപ (ബിൽ നമ്പർ-62/17-18 തീയതി-31.03.18)<br>172621/-രൂപ (ബിൽ നമ്പർ-05/18-19 തീയതി -31.05.18) |

മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്തിലെ കമ്പനിപ്പടി ശാന്തിപുരംഈറ്റക്കടവ്റോഡ് റീട്ടാറിംഗ്, ഡ്രെയിനേജ്&കനാൽ ബണ്ട് റോഡ് റീടാറിംഗ് ചെയ്യുന്നതാണ് പ്രവൃത്തി. എസ്റ്റിമേറ്റ് തയ്യാറക്കി പ്രവൃത്തി ചെയ്യുന്നതിന് ടെൻഡർ നടപടി പൂർത്തീകരിക്കുകയും ശ്രീ. കെ.എ. ജോയി എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ 17.03.2018 ലെ 16-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം മേൽ പദ്ധതിയുടെ അടങ്കൽ തുകയ്ക്ക് മാറ്റമില്ലാതെ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതിന് അംഗീകാരം നൽകി. എന്നാൽ അളവ് പുസ്തകം ഇനം 6 ആയി ചെയ്ത കോൺക്രീറ്റിംഗിന് എസ്റ്റിമേറ്റിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കിലും അധികരിച്ച നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | അനുവദിച്ച നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| Od152800/2017-18<br>Providing concrete for plain/reinforced concrete in open foundations complete as per drawings and technical specifications clause 802,803,1202& 1203 I.<br>P.C.C grade M10(i)Normal mix 1:3:6 | 15.733 | 7340 | 6789.73 | 15.733x550.27 =8657.39 രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഐറ്റം റേറ്റാണ് കരാറുകാരൻ കോട്ട് ചെയ്തത് എന്നും ആയതിനാലാണ് കരാറുകാരൻ ക്വോട്ട് ചെയ്തത് പ്രകാരം ഇനം 6 ആയി ചെയ്ത പ്രവൃത്തിക്ക് 7340/cum അനുവദിച്ചത്. ഐറ്റം റേറ്റ് അനുവദിക്കുമ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിലെ നിരക്കിലും കൂടുതൽ അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല. മേൽ തുക 8657രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| " | " | 70,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 70,000 | 0 |
| " | " | 5,00,000 | ലൈഫ് (പട്ടിക ജാതി ) | 0 | 5,00,000 |
| " | " | 6,82,150 | ലൈഫ് (ജനറൽ ) | 0 | 6,82,150 |
| ജില്ലാ പഞ്ചായത്ത് | " | 1,00,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| " | " | 3,13,548 | നെൽ കൃഷിക്ക് കൂലി ചെലവ് | 3,13,548 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21701110 | 2,20,680 | 0 | 2,20,680 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21700822 | 13,56,555 | 0 | 13,56,555 |
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21701220 | 7,00,000 | 0 | 7,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും തന്നെ നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ ഉദ്യോഗപ്പേര് | രശീതി നം./ തീയ്യതി |
|---|---|---|---|---|
| 2016-17 | 2-5 | 2,650 | സെക്രട്ടറി,മലയാറ്റൂർ-നീലീശ്വരം സർവീസ് സഹകരണ ബാങ്ക് | 117010101634 dtd27/09/2017 |
| 2016-17 | 2-5 | 2,725 | മാനേജർ,മാവേലി സ്റ്റോർ,നീലീശ്വരം | 117010101646 dtd27/09/2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനം സ്ഥാപനങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,85,84,545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,01,79,061 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,77,235 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-9 | - | 8,657 | കെ.ശ്രീജ, അസി.എഞ്ചിനീയർ |

| ആകെ | | 8,657 | |
|---|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 15,77,235 | ശ്രീ അബ്ദുൾ ജലീൽ,സെക്രട്ടറി |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അബ്ദുൾ ജലീൽ, സെക്രട്ടറി | സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | പൂന്നൂർകോട്ട ( വീട് ) തോട്ടക്കാട്ടുകര.പി.ഒ ആലുവ |
| കെ.ശ്രീജ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്ത് | ബ്ളായിൽ (വീട്) മറ്റൂർ, കാലടി.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |

| | |
|---|---|
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 29.05.13/13.06.13 |
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2017-18

നം. കെ.എസ്.എ -ഇ.കെ.എം(പി4)148/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ മെയിൽ doekm.ksad@kerala.gov.in

തീയതി:12/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ലേല വരവിലേക്ക് വകമാറ്റേണ്ടിയിരുന്ന ഇ.എം.ഡി.തുക ടി ഹെഡ്ഡിലേക്ക് വകമാറ്റിയിട്ടില്ലാത്തതിനാൽ ലേലം ഇനത്തിലുള്ള കളക്ഷൻ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഡെപ്പോസിറ്റ് നീക്കിയിരിപ്പും കൃത്യമല്ല.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്